# ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

നം. പി1/1199/2025/ഡിഎംഇ. (1)

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ആരോഗ്യ ഭവൻ
തിരുവനന്തപുരം
ഫോൺ നം.0471-2339307
ഇമെയിൽ-director.ame@kerala.gov.in

തീയതി:01-05-2026

## അറിയിപ്പ്

സർക്കാർ ഉത്തരവ് (സാധാ) നം. 188/2026/ആയുഷ് നമ്പർ, തീയതി 15.03.2026 പ്രകാരം 2026- 2027 വർഷത്തേക്ക് സർവീസിലുള്ള ജീവനക്കാർക്കായി ആയുർവേദ പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിന് പ്രോസ്പെക്ടസ് അംഗീകരിച്ച് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി കോഴ്സുകളിലേക്ക് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും, ഭാരതീയ ചികിത്സാ വകുപ്പിലെയും യോഗ്യരായ ജീവനക്കാരിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

പ്രസ്തുത കോഴ്സുകളിലേക്ക് ഇതോടൊപ്പം നല്കിയിട്ടുള്ള നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയിൽ ബന്ധപ്പെട്ട ഓഫീസ് അധികാരി മുഖേന 28.05.2026 തീയതിക്കുള്ളിൽ വകുപ്പ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്. ഓഫീസ് അധികാരികൾക്ക് 02.05.2026 തീയതി മുതൽ അപേക്ഷ സ്വീകരിക്കാവുന്നതാണ്. കോഴ്സുകൾക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ, കോഴ്സുകൾ അനുവദിച്ചിട്ടുള്ള കോളേജുകൾ, സീറ്റുകളുടെ എണ്ണം, കോഴ്സ് ഫീ എന്നിവ സംബന്ധിച്ച കൂടുതൽ വിശദവിവരങ്ങൾ മനസ്സിലാക്കുന്നതിന് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള കോഴ്സിന്റെ പ്രോസ്പെക്ടസ് കാണാവുന്നതാണ് .

Digitally signed by
T D Sreekumar
Date: 01-05-2026
17:08:01

T D SREEKUMAR
Director

ഉള്ളടക്കം - പ്രോസ്പെക്ടസ്, അപേക്ഷയുടെ മാതൃക

പകർപ്പ് : ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ, സർക്കാർ ആയുർവേദ മെഡിക്കൽ കോളജ്

(തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ)

# ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

നം. പി1/1199 /2025/ഡിഎംഇ (3)

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ആരോഗ്യ ഭവൻ
തിരുവനന്തപുരം
ഫോൺ നം.0471-2339307
ഇമെയിൽ-director.ame@kerala.gov.in
തീയതി:01-05-2026

**ഡയറക്ടർ**

പ്രിൻസിപ്പൽ
സർക്കാർ ആയുർവേദ മെഡിക്കൽ കോളജ്
തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ

സർ,

വിഷയം : സർവീസിലുള്ള ജീവനക്കാർക്കായുള്ള ആയുർവേദ പാരാമെഡിക്കൽ കോഴ്സ് 2026-27 - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന : സർക്കാർ ഉത്തരവ് (സാധാ) നം. 188/2026/ആയുഷ്, തീയതി 15.03.2026.

**********

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർവീസിലുള്ള ജീവനക്കാർക്കായി 2026 - 27 അധ്യയന വർഷത്തിൽ നടത്തുന്ന ആയുർവേദ പാരാ മെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നതിന് ഈ കാര്യാലയത്തിൽ നിന്നും തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത കോഴ്സുകളുടെ പ്രവേശനത്തിനായുള്ള അപേക്ഷകൾ 02.05.2026 മുതൽ ഓഫീസ് അധികാരികൾക്ക് സ്വീകരിക്കാവുന്നതും ആയത് ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ സഹിതം 28.05.2026 തീയതിക്കുള്ളിൽ ടി കോഴ്സുകളിലേക്ക് അപേക്ഷിക്കുന്ന ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് (02.05.2026 അടിസ്ഥാനമാക്കി) സഹിതം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ, ഇതോടൊപ്പം ഉൾക്കൊള്ളിച്ച് നല്കുന്ന കോഴ്സ് സംബന്ധിച്ച അറിയിപ്പ്, പ്രോസ്പെക്ട്സ്, അപേക്ഷയുടെ മാതൃക എന്നിവ അതാത് കോളേജുകളുടെ കീഴിലുള്ള ഓഫീസുകളിലേക്ക് സർക്കുലേറ്റ് ചെയ്യുന്നതിനും ആയത് കോളേജുകളുടെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Digitally signed by
T D Sreekumar
Date: 01-05-2026
17:10:15

വിശ്വസ്തതയോടെ

**T D SREEKUMAR**
ഡയറക്ടർ

ഉള്ളടക്കം - അറിയിപ്പ്, പ്രോസ്പെക്ട്സ്, അപേക്ഷയുടെ മാതൃക.